പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3731

20.07.2015-ൽ മറുപടിയ്ക്ക്

## കമ്മ്യൂണിറ്റി കോളേജുകൾ

**ചോദ്യം**

ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.പി.എ.മാധവൻ
ശ്രീ.ടി.എൻ.പ്രതാപൻ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നല്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം ആരംഭിച്ചത്. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | അഞ്ച് കോളേജുകളിൽ ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ്, പ്രിന്റിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്/ ഹോട്ടൽ മാനേജ്മെന്റ് എന്നീ കോഴ്സുകൾ അതാത് മേഖലയിലെ വ്യവസായ പ്രമുഖരുടെ സഹകരണത്തോടെ നടത്തുന്നു.<br>**<u>ഈ പദ്ധതിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾ</u>**<br>I. ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ്.<br>1. പോത്തൻസ് ഹോണ്ട പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.<br>2. പോത്തൻസ് ഹ്യുണ്ടായ്, മരുതൂർ, തിരുവനന്തപുരം.<br>3. പോത്തൻസ് ഹ്യുണ്ടായ്, മൂന്നാംകുറ്റി, കൊല്ലം.<br>4. പോപ്പുലർ മോട്ടോഴ്സ്, മലപ്പുറം.<br>II. ഹോട്ടൽ മാനേജ്മെന്റ്<br>1. ഉദയ സ്യൂട്ട്സ്, ശംഖുമുഖം, തിരുവനന്തപുരം.<br>III. പ്രിന്റിംഗ് ടേക്നോളജി<br>1. കേരള പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം. |

| | | | |
|---|---|---|---|
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) | കമ്മ്യൂണിറ്റി കോളേജ് സ്കീമിന് യു.ജി.സി ധനസഹായം ലഭിക്കുന്നുണ്ട്. അഞ്ച് മേഖലകളിലായി ആർട്സ് & സയൻസ് കോളേജുകളായ ആറ്റിങ്ങൽ, കോട്ടയം, തൃശ്ശൂർ, പെരിന്തൽമണ്ണ, പട്ടാമ്പി എന്നിവിടങ്ങളിലാണ് ഈ സ്കീം നടപ്പിലാക്കിയിരിക്കുന്നത്. 2014 -ൽ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ വച്ച് സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. ഈ സ്കീമിന്റെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ് നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് പ്രതിമാസ അവലോകനവും നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**